പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1121

05/03/2020-ൽ മറുപടിയ്ക്ക്

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം<br>ശ്രീ സി. കൃഷ്ണൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;<br><br>(ബി) നടപടികൾ പൂർത്തീകരിച്ച് കെട്ടിടനിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ച്, ഭൗതിക സാഹചര്യ വികസന പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണത്തിനുള്ള SPV യായി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ 'കൈറ്റ്' നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി കുറച്ച് സ്കൂളുകളുടെ എസ്.പി.വിയെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി SPV യായി WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട് ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട് പ്രവർത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

Namitha T

**സെക്ഷൻ ഓഫീസർ**